ഖുത്ബ നമ്പർ
52
27-12-2013

بسم الله الرحمن الرحيم O نحمده ونصلى علىٰ رسوله الكريم O وعلىٰ عبده المسيح الموعود

# ജുമുഅ ഖുത്ബ

## ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

### ഖലീഫത്തുൽ മസീഹ് അൽഖാമിസ് ايده الله تعالىٰ بنصره العزيز

വിവർത്തനം: പി. കെ. അംനാസ് കടലായി.



Baitul Futuh, London

# സ്നേഹവും സാഹോദര്യവും

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ന് ഖാദിയാനിൽ ജൽസ സാലാന തുടങ്ങി. ഈ ജൽസ സാലാനയെ ഇന്ത്യാ പാക്ക് വിഭജനത്തിനു ശേഷം ചിലർ ഇന്ത്യയുടെ ജൽസ സാലാനയെന്നാണ് കരുതുന്നത്. എന്നാൽ ഹ: മസീഹ് മൗഊദ് عليه السلام ന്റെ നാടെന്ന നിലക്ക് ഖാദിയാനുള്ള സ്ഥാനവും ലോകമെമ്പാടും ഹ: മസീഹ് മൗഊദ് عليه السلام ന്റെ സന്ദേശം ഇവിടെ നിന്നുമാണ് എത്തിയിട്ടുള്ളത് എന്ന നിലക്ക് ഖാദിയാനുള്ള പദവിയും കാരണമായി ഈ പ്രദേശം ഇസ്‌ലാമിന്റെ പുനരുത്ഥാനത്തിന്റെ കേന്ദ്രമാകുന്നു. അതുപോലെ ഇവിടെ നടക്കുന്ന ജൽസയും അന്താരാഷ്ട്ര നിലവാരമുള്ളതാകുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവിടെ ഇന്ന് മുപ്പത്തിരണ്ട് മുപ്പത്തിമൂന്ന് രാഷ്ട്രങ്ങളുടെ പ്രാതിനിധ്യമുണ്ട്. അതിനാൽ ഖാദിയാനും ഒരു മഹനീയ സ്ഥാനമുണ്ട്. അവിടെ നടത്തപ്പെടുന്ന ജൽസകൾക്കും പ്രത്യേകതയുണ്ട്. ഈ പ്രദേശത്തു താമസിക്കുന്ന അഹ്മദികൾക്കും സവിശേഷതയുണ്ട്. ഈ ജൽസയിൽ പങ്കെടുക്കുന്ന, ലോകത്തിന്റെ നാനാ കോണുകളിൽ നിന്നും വന്ന അഹ്മദികൾക്കും പ്രാധാന്യമുണ്ട്. എന്നാൽ ഈ വൈശിഷ്ട്യം യഥാർത്ഥനിലയിൽ പ്രകടമാകണമെങ്കിൽ ലക്ഷ്യപ്രാപ്തമാകണമെങ്കിൽ ഈ പ്രദേശത്തു താമസിക്കുന്നവർ സവിശേഷതയുടെ കടമകൾ നിർവ്വഹിക്കുന്നവരായിത്തീരുമ്പോഴാണ്. ഈ ജൽസയുടെ ലക്ഷ്യങ്ങൾ നേടാനായി അവിടെ ചെലവഴിക്കുന്ന ദിനരാത്രങ്ങൾ ഈ ആവശ്യത്തിനായി നീക്കിവെക്കുമ്പോഴാണ്. ഹുസൂർ തിരുമേനി ﷺ യുടെ സത്യദാസനും കാലത്തിന്റെ ഇമാമും ഈ ജൽസകളുടെ ലക്ഷ്യങ്ങളെക്കുറിച്ച് അദ്ദേഹവുമായി അനുസരണ പ്രതിജ്ഞ ചെയ്തവരോടായാണ് ഇക്കാര്യം പറഞ്ഞിട്ടുള്ളത്. സാധാരണ ലോകത്തെവിടെ നടക്കുന്ന ജൽസയുടെ അന്തരീക്ഷവും പങ്കെടുക്കുന്നവരിൽ ഒരു ആത്മീയ പ്രഭാവം ചെലുത്തുന്നു. ഇക്കാര്യം പങ്കെടുക്കുന്നവർ പ്രകടമാക്കാറുണ്ട്. എന്നാൽ ഖാദിയാനിലെ ജൽസയുടെ അന്തരീക്ഷത്തിൽ ആത്മീയതയുടെ മറ്റൊരു നിറമാണ് അനുഭവപ്പെടുക. അവിടെ ജൽസകളിൽ പങ്കെടുത്തവർക്ക് ഇതറിയാവുന്നതാണ്. ആത്മാർത്ഥതയുള്ള എല്ലാവർക്കും ഈ നിറം അനുഭവപ്പെടേണ്ടതാണ്. കാരണം ഈ പ്രദേശത്തിന്റെ അന്തരീക്ഷത്തിലും ഇടവഴികളിലും ഹുസൂർ തിരുമേനി ﷺ യുടെ സത്യദാസൻ, വാഗ്ദത്ത മസീഹ് പ്രതിശ്രുത മഹ്ദിയുടെ ഓർമ്മകളുടെ സുഗന്ധം ആത്മീയതയുടെ വേറെ ചുറ്റുപാടിലേക്കാണ് നമ്മെ കൊണ്ടുപോവുക. അപ്പോൾ ഈ ചുറ്റുപാടിൽ നിന്നും ലഭിക്കുന്ന ഉപദേശവും ഒരു പ്രത്യേക നിറം ഉള്ളതാണ്. ഒരു സവിശേഷ പ്രഭാവമുള്ളതാണ്. എല്ലാ ആത്മാർത്ഥരുടെയും ഹൃദയങ്ങളിൽ ഒരു പ്രത്യേക പ്രഭാവം ചെലുത്തുന്നതാകേണ്ടതാണ്. ആയതിനാൽ ഞാൻ ഈ ജൽസയിൽ പങ്കെടുക്കുന്ന എല്ലാവരെയും ഉണർത്തുകയാണ്. ജൽസയിൽ പങ്കെടുത്തുകൊണ്ട് വൈജ്ഞാനികവും ശിക്ഷണപരവുമായ പ്രസംഗങ്ങളിൽ നിന്നും പ്രയോജനമെടുക്കുന്നതോടൊപ്പം തന്നെ ഈ ലക്ഷ്യങ്ങളെയും മുന്നിൽ വെക്കേണ്ടതാണ്. സദാ നേരവും ഇതേകുറിച്ചു സ്മരിക്കേണ്ടതാണ്. ജൽസ നടത്തുന്നതിന്റെ പിന്നിൽ ഹ: മസീഹ് മൗഊദ് عليه السلام ന്റെ ലക്ഷ്യങ്ങളെന്തെന്നോർക്കുക. ഹ: മസീഹ് മൗഊദ് عليه السلام ന്റെ വാക്കുകളിൽ തന്നെ ജൽസയുടെ ഉദ്ഘാടനവേളയിൽ എന്റെ പ്രതിനിധി അതിനെക്കുറിച്ചു പറഞ്ഞുകാണും. പറഞ്ഞു കാണും എന്നു പറഞ്ഞത് എനിക്ക് ആ ഉദ്ഘാടന പ്രസംഗത്തെ കുറിച്ച് അറിവില്ലാത്തതുകൊണ്ടാണ്. എന്തായിരുന്നു പ്രസംഗമെന്നറിയില്ല. എന്നാൽ സാധാരണനിലയിൽ ജൽസയുടെ ഉദ്ദേശലക്ഷ്യങ്ങളെ കുറിച്ചാണ് ഉദ്ഘാടന വേളയിൽ പറയാറുള്ളത്. എന്തായാലും ഹദ്റത് മസീഹ് മൗഊദ് عليه السلام ന്റെ പ്രതീക്ഷകൾ മുന്നിൽ വെച്ചുകൊണ്ടാണ് ജൽസയിൽ പങ്കെടുക്കുന്ന എല്ലാവ്യക്തിയും ഈ ദിവസങ്ങൾ ചെലവഴിക്കേണ്ടത്. ഈ ജൽസയിൽ ഞാൻ പറഞ്ഞതുപോലെ ഒരുപാട് രാജ്യങ്ങളുടെ സാന്നിദ്ധ്യമുണ്ട്. ഹ: മസീഹ് മൗഊദ് عليه السلام ലക്ഷ്യമായി ജമാഅത്തംഗങ്ങൾ ജൽസ ദിവസങ്ങളിൽ പരസ്പരം പരിചയമുണ്ടാക്കുക, സാഹോദര്യ സ്നേഹബന്ധങ്ങൾ സൃഷ്ടിക്കുക എന്നൊക്കെ പറഞ്ഞിട്ടില്ല. ഇന്ന് പരിചയപ്പെടലിന്റെയും സഹോദരബന്ധത്തിന്റെയും നിലവാരം ശക്തമായിരിക്കുകയാണ്. ഖാദിയാനിലുള്ള ഒരാൾ അമേരിക്ക, റഷ്യക്കാരുമായി കണ്ടുമുട്ടുന്നു. അല്ലെങ്കിൽ അറേബ്യയിലുള്ള ഒരാൾ യൂറോപ്പുകാരുമായി കണ്ടുമുട്ടുന്നു. അല്ലെങ്കിൽ എല്ലാവരും പരസ്പരം കാണുമ്പോൾ മനസ്സിലാകുന്നത്, വിശ്വാസികളുടെ സാഹോദര്യബന്ധത്തിന്റെ ആത്മാവാണ് ഇവിടെ കാണുന്നത് എന്നാണ്. ഈ സവിശേഷതയെ പ്രകടമാക്കുന്ന ആത്മാവുണ്ടാകേണ്ടതാണ്. ആരുടെയെങ്കിലും മനസ്സിൽ അഹങ്കാരമുണ്ടെങ്കിൽ അവൻ തന്റെ സഹോദരനെ ഈ ശക്തമായ വികാരത്തോടെ കാണുന്നതല്ല. ഒരു പട്ടണത്തിലുള്ള ധനികൻ ഒരു ദരിദ്രനോട് അവനെ പരിചയമുണ്ടാകുകയോ അല്ലാതിരിക്കുകയോ ചെയ്യട്ടെ. നല്ല ബന്ധമുണ്ടാകുകയോ അല്ലാതിരിക്കുകയോ ചെയ്യട്ടെ. ദേഷ്യമോ പരാതിയോ ഉണ്ടാകട്ടെ എല്ലാ മാലിന്യങ്ങളും

ഇല്ലാതാക്കി മേൽക്കോയ്മയും ധനികതയും ദാരിദ്രതയും തമ്മിലുള്ള വ്യത്യാസവുമില്ലാതാക്കി സാഹോദര്യ ബന്ധത്തിന്റെ മാതൃക കാട്ടുന്നതുവരെ ജൽസയുടെ പ്രസംഗങ്ങൾ ഇങ്ങനെ പങ്കെടുക്കുന്നവർക്ക് യാതൊരു പ്രയോജനവും നൽകുന്നതല്ല. അവിടെയുള്ള അന്തരീക്ഷവും അവർക്കു പ്രയോജനം നൽകുന്നതല്ല. ജൽസക്കു വന്നതും നിഷ്പ്രയോജനകരമാകും. ഖാദിയാനിലെ ആത്മീയാന്തരീക്ഷവും ഇത്തരം വ്യക്തികളുടെ ഹൃദയത്തിന്റെ കാഠിന്യം കാരണത്താൽ അവരെ സംബന്ധിച്ചിടത്തോളം ആത്മീയതയില്ലാത്തതായി തീരുന്നതാണ്.

ജൽസയുടെ ലക്ഷ്യത്തിൽ നിന്നും പൂർണ്ണമായി പ്രയോജനമെടുക്കണമെങ്കിൽ ഹ: മസീഹ് മൗഊദ് عليه السلام ന്റെ ലക്ഷ്യത്തെ മുന്നിൽ വെക്കേണ്ടതാണ്. ജൽസയുടെ പ്രധാനപ്പെട്ട ലക്ഷ്യത്തെകുറിച്ചു അദ്ദേഹം പ്രത്യേക നിലയിൽ പരാമർശിച്ചിട്ടുണ്ട്. ഇതിനെ മുമ്പിൽ വെച്ചുകൊണ്ട് ജൽസയിൽ പങ്കെടുക്കുന്നവർ ധനികതയുടെയും ദാരിദ്രത്തിന്റെയും മേൽകോയ്മയുടെയും വ്യത്യാസം ഇല്ലാതാക്കുക. പരസ്പര വൈരാഗ്യമുണ്ടെങ്കിൽ അങ്ങനെയൊന്ന് ഉണ്ടായിട്ടില്ല എന്ന നിലയിൽ അത് ഇല്ലാതാക്കേണ്ടതാണ്. ഖാദിയാനിലെ സ്ഥിരതാമസക്കാർ ആത്മപരിശോധന നടത്തേണ്ടതുണ്ട്. മാനസികാവസ്ഥ വിലയിരുത്തേണ്ടതുണ്ട്. അല്ലാഹു തആല അവർക്ക് മസീഹ് മൗഊദ് عليه السلام ന്റെ ദേശത്ത് താമസിക്കുവാനുള്ള അവസരം നൽകി. കാലത്തിന്റെ ഇമാം ആഗ്രഹിച്ചതുപോലെ ചുറ്റുപാട് അവിടെയുണ്ടാകേണ്ടതാണ്. അതിനു വേണ്ടി അദ്ദേഹം ജമാഅത്തിനു ശിക്ഷണം നൽകി. പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യം എന്തെന്നാൽ അവിടെ താമസിക്കുന്നവരുടെ ജീവിതത്തിൽ ജൽസയിൽ പങ്കെടുക്കാൻ മറ്റൊരു അവസരം കൂടി ലഭിച്ചിരിക്കുകയാണ്. ശിക്ഷണത്തിന്റെ ഈ മഹത്തായ അവസരത്തിൽ നിന്നും പ്രയോജനമെടുക്കാൻ, അവർക്ക് മറ്റൊരു അവസരം കിട്ടി. ഇവിടെ വരുന്ന എല്ലാവരും സ്നേഹ സാഹോദര്യ ബന്ധങ്ങളെ നിലനിർത്തുന്നതുപോലെ ഇവിടെ താമസിക്കുന്നവർ ഈവിധം അവലോകനം നടത്തേണ്ടതാണ്. അവർ ഈ ലക്ഷ്യത്തെ പ്രാപിക്കാൻ ശ്രമിക്കുന്നുണ്ടോ? ഈ വിലയിരുത്തൽ കാരണം ഭൗതികേച്ഛകളിൽ നിന്നും ഹൃദയത്തെ വിശുദ്ധമാക്കുന്നതാണ്. അന്ത്യനാളിലേക്ക് പൂർണ്ണമായും ശ്രദ്ധ തിരിക്കേണ്ട ബോധം വരുന്നതാണ്. ദൈവഭയം ഉണ്ടാകുന്നതാണ്. ഈ ലോകത്തിലെ ഇച്ഛകളുടെ ചിന്തയുണ്ടാകില്ല. മറിച്ച് وَلْتَنْظُرْ نَفْسٌ مَّا قَدَّمَتْ لِغَدٍ എന്നതിന്റെ വിഷയം മുന്നിലുണ്ടാകും. നമ്മൾ ദൈവപ്രീതി നേടാനും പരലോക ജീവിതത്തിൽ നന്മലഭിക്കാനും ഈ ലോകത്ത് നിന്നും എന്താണു ചെയ്യേണ്ടത്, ഭയഭക്തിയിൽ ശ്രദ്ധവെക്കുകയാണോ അല്ലെങ്കിൽ ലൗകികതയുടെ മാതൃക കാണിക്കുകയാണോ എന്നായിരിക്കും ചിന്ത. ദൈവഭയം മനസ്സിൽ നിന്നും ഇല്ലാതാക്കി ജീവിതം കഴിക്കണമോ ബൈഅത്തിന്റെ സുന്ദരമായ ബാഡ്ജ് നെഞ്ചിൽ കുത്തിക്കൊണ്ട് സ്വയം തന്നെ ബൈഅത്തിന്റെ നിബന്ധന പൂർത്തിയാക്കുന്നയാളാണെന്ന് കരുതണോ?. ദൈവഭയം, ലൗകിക വിരക്തി, ലോലഹൃദയത എന്നീ ഗുണങ്ങൾ വളർത്തിയെടുക്കണോ,? അല്ലെങ്കിൽ അതിക്രമങ്ങൾ, ദുസ്സ്വഭാവം, ദുർഭാഷണം തുടങ്ങിയ തിന്മകൾക്ക് തന്റെ ഹൃദയത്തിൽ ഇടം കൊടുത്തുകൊണ്ട് തന്റെ പ്രവർത്തനത്തിലൂടെ അത് പ്രകടിപ്പിക്കണോ, വിനയാനിത്വത്തിന്റെയും എളിമയുടെയും മാതൃക സ്ഥാപിക്കണോ അതോ അഹംഭാവത്തോടും അഹങ്കാരത്തോടും കൂടി തന്റെ തലയും കഴുത്തും പൊക്കി നടക്കണോ? സത്യത്തിന്റെ സുന്ദരമായ മുത്തുകൾ വിതറണോ അതോ കളവിന്റെ അന്ധകാരത്തിനു വശപ്പെട്ടുകൊണ്ട് ദൈവകോപം വിലക്കു വാങ്ങണോ, ദീനി സംരംഭങ്ങൾക്കായി സ്വയം തയ്യാറായിക്കൊണ്ട് മുഹമ്മദീ മസീഹിന്റെ മിഷനെ പൂർത്തിയാക്കണോ അതോ ഭൗതികതയുടെ തിളക്കത്തിൽ മയങ്ങിക്കൊണ്ടു തന്റെ ലക്ഷ്യത്തെ മറക്കണോ. എന്നൊക്കെയുള്ള അവലോകനവും തന്റെ പ്രവർത്തനങ്ങളുടെ വിശകലനവും നമുക്ക് പറഞ്ഞു തരും നാം مَّا قَدَّمَتْ لِغَدٍ എന്നതിനെ എത്രത്തോളം മുമ്പിൽ വെച്ചിട്ടുണ്ട് എന്ന്.

ജൽസയുടെ ഈ മൂന്ന് ദിവസങ്ങൾ ഇക്കാര്യങ്ങൾ വിലയിരുത്താനും തന്റെ പ്രവർത്തനങ്ങൾ ദൈവ പ്രീതിക്കനുസൃതമാക്കി മാറ്റുവാൻ ശ്രമിക്കുന്നതിനു വേണ്ടിയുള്ള നല്ല അവസരങ്ങളാണ്. പരസ്പരം ആത്മീയ പ്രഭാവങ്ങൾ ഉൾക്കൊള്ളാനും താൽപര്യം കാണപ്പെടുന്നു. ജമാഅത്തായതും തനിച്ചുള്ളതുമായ തഹജ്ജുദ് ഒരു പ്രത്യേക ചുറ്റുപാടുണ്ടാക്കുന്നതാണ്. മസീഹ് മൗഊദ് സുജൂദ് ചെയ്തിടവും ദുഃആ ചെയ്ത സ്ഥലങ്ങളും ഒരുപാടു മനസ്സുകൾക്ക് വ്യകുലതയുള്ള ദുഃആക്കുള്ള തൗഫീഖ് നൽകുന്നതാണ്. ആത്മീയതയുടെ അന്തരീക്ഷം അനുഭവിച്ചറിയാത്തവിധമായിരിക്കും ഈ മൂന്ന് ദിവസങ്ങളുടെ ക്യാമ്പിൽ നിന്നും പൂർണ്ണമായും പ്രയോജനമെടുക്കേണ്ടതാണ്. ഒരഹ്മദിയും ഈ ലക്ഷ്യത്തെ നേടാതെ തിരിച്ചു പോകുന്നതായി വരരുത്. ഖാദിയാനിൽ താമസിക്കുന്ന ആരും ഈ മൂന്നു ദിവസങ്ങളെ തന്റെ സമുദ്ധാരണത്തിനുള്ള നല്ല മാർഗമാക്കാത്തവരായി ഉണ്ടാകരുത്. ഒരു കാര്യം കൂടി ശ്രദ്ധിക്കുക. ഇക്കാര്യം നടപ്പിലാക്കാൻ പൂർണ ശ്രമമുണ്ടാവണം. ഉണ്ടാകേണ്ടതും ഉണ്ടായതുമായ മാറ്റങ്ങളിൽ സ്ഥിരചിത്തത കാട്ടേണ്ടതാണ്. അതിനെ തന്റെ ജീവിതത്തിന്റെ സ്ഥിര ഭാഗവുമാക്കേണ്ടതാണ്. ഇതുണ്ടാകണമെങ്കിൽ അവിടെയുള്ള ഓരോ വ്യക്തിയും താൻ ചെയ്യാനിരിക്കുന്ന സമുദ്ധാരണത്തിൽ ജീവിതകാലം മുഴുവൻ നിലനിൽക്കുമെന്ന ദൃഢ നിശ്ചയമെടുക്കണം. ജൽസാ സാലാനയിൽ നടക്കുന്ന പ്രസംഗങ്ങളും വിജ്ഞാന പ്രദമായ കാര്യങ്ങളും നാം കേൾക്കുന്നത് വെറും മത വിജ്ഞാനം വർദ്ധിപ്പിക്കാനല്ല. മറിച്ച് സ്ഥിരമായ നിലയിൽ ദീനി പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനായിരിക്കണം അതിനു വേണ്ടി തുടർച്ചയായി പരിശ്രമിക്കേണ്ടതാണ്. നാം പറയുന്നതൊന്നും ചെയ്യുന്നതൊന്നും എന്ന രീതിയിലുള്ള ആളെപ്പോലെ ആവരുതെന്ന് നമ്മൾ ദൃഢപ്രതിജ്ഞയെടുക്കുക. സമ്പാദിച്ച അറിവുകൾ നമ്മുടെ ജീവിതത്തിൽ പ്രയോഗിക്കേണ്ടതാണ്. അല്ലാഹുവിന്റെ ഈ നിർദ്ദേശത്തെ എപ്പോഴും മുമ്പിൽ വെക്കുക.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لِمَ تَقُولُونَ مَا لَا تَفْعَلُونَ ③

അതായത് വിശ്വാസികളെ നിങ്ങൾ ചെയ്യാത്ത കാര്യങ്ങൾ

എന്തിനാണ് പറയുന്നത്. ഈ കാര്യങ്ങളെ കുറിച്ചു ശ്രദ്ധിക്കുകയാണെങ്കിൽ മാത്രമേ ജൽസയിൽ പങ്കെടുത്തതിന്റെ ഉദ്ദേശ്യം പൂർത്തിയാവുകയുള്ളു. അപ്പോഴെ ഹ: മസീഹ് മൗഊദ് عليه السلام നോട് നാം ചെയ്ത ബൈഅത്തിന്റെ വാഗ്ദാനം നിറവേറ്റുന്നവരാകുകയുള്ളു. അപ്പോഴെ നാം ജൽസയുടെ അനുഗ്രഹങ്ങളിൽ നിന്ന് സ്ഥിരപ്രയോജനമെടുക്കുന്നവർ ആകുകയുള്ളു. അപ്പോഴെ നമുക്കു സൽപരിവർത്തനത്തെക്കുറിച്ച് ശ്രദ്ധയുണ്ടാകുകയുള്ളു. നാം അവലോകനം ചെയ്തുകൊണ്ടിരിക്കുക. അപ്പോഴെ നമ്മുടെ മക്കളുടെ മുമ്പാകെ സൽമാതൃക കാട്ടുന്നവരായി നാം മാറുകയുള്ളു. അപ്പോൾ നാം നമ്മുടെ മക്കളുടെ സന്മാർഗത്തിന് ഹേതുവാകുന്നതാണ്. അപ്പോഴാണ് നമ്മുടെ കീഴുദ്യോഗസ്ഥരുടെയും അനുഭാവികളുടെയും കടമ നിറവേറ്റുന്നതിൽ ശ്രദ്ധയുണ്ടാകുക. അപ്പോഴെ നാം തബ്‌ലീഗിന്റെ കടമ നിറവേറ്റുന്നവരാകുകയുള്ളു. ഇത് വളരെ വലിയ ജോലിയാണ്. നാമോരുരുത്തരും തന്നെ ഇതിനു വേണ്ടി പ്രവർത്തിക്കേണ്ടിവരും എന്നാൽ ഇതിന്റെ നിലവാരം നിലനിർത്താൻ നാം സത്യസ്നേഹികളായിക്കൊണ്ട് തങ്ങളുടെ ഗുണങ്ങൾ നോക്കുന്നതിനു പകരം കുറവുകളിൽ ശ്രദ്ധിക്കുന്നവരും അതിനെ അന്വേഷിക്കുന്നവരും ആകേണ്ടതാണ്. നാം അല്ലാഹുവിൽ നിന്നും പാപപ്പൊറുതി ലഭിക്കാനായി പരിഭ്രാന്തരാകേണ്ടതാണ്. നാം അല്ലാഹു തആലയുടെയും അവന്റെ റസൂൽ ﷺ യുടെയും കൽപനകൾക്കുമുമ്പാകെ തങ്ങളുടെ ശിരസു കുനിക്കേണ്ടതാണ്. ഒഴിവുകഴിവുകളൊന്നുമില്ലാതെ ഒളിച്ചോട്ടത്തിന്റെ വഴിക്കുമുമ്പിൽ മതിൽ പണിതിട്ടുള്ള അനുസരണമാതൃക കാണിക്കേണ്ടതാണ്. ഒഴികഴിവുകളുടെ മാർഗത്തിനു മുമ്പിൽ മതിൽ പണിയേണ്ടതാണ്. ഈ നിലവാരം കരഗതമാകുന്നത് നാം ഹ: മസീഹ് മൗഊദ് عليه السلام ന്റെ അദ്ധ്യാപനങ്ങളെയും ജമാഅത്തിനോടുള്ള അദ്ദേഹത്തിന്റെ പ്രതീക്ഷകളെയും ആഗ്രഹങ്ങളെയും സ്വന്തം ആഗ്രഹങ്ങളെക്കാൾ മുന്തിക്കുമ്പോഴാണ്. അദ്ദേഹത്തിന്റെ ആഗ്രഹം പോലെ നാം സത്യത്തിന്റെയും വിശ്വസ്തതയുടെയും മാതൃക കാണിക്കുമ്പോഴാണ്

ഹുസൂർ ﷺ നമ്മിൽ നിന്നും എന്തൊക്കെയാണ് പ്രതീക്ഷിക്കുന്നതും ആഗ്രഹിക്കുന്നതും എന്നു നോക്കുക. പറയുന്നു: ''എല്ലാഴ്പ്പോഴും തങ്ങളുടെ വാക്കിനെയും പ്രവർത്തിയെയും നല്ലതായും സമമായും വെക്കുക. ഹുസൂറിന്റെ സഹാബാക്കൾ رضي الله عنهم ഇതു ചെയ്തുകാണിച്ചു. നിങ്ങളും അവരുടെ പാത പിന്തുടർന്നുകൊണ്ട് തങ്ങളുടെ സത്യവിശ്വാസങ്ങളുടെ മാതൃക നിലനാട്ടുന്നവരാണോ? ഹ: അബൂബക്കർ സിദ്ധീഖിന്റെ മാതൃക എപ്പോഴും മുന്നിൽ വെക്കുക.'' നമ്മൾ ഇക്കാര്യത്തെ കുറിച്ചു ചിന്തിക്കുമ്പോൾ നമുക്കു ഉദാഹരണങ്ങൾ കിട്ടും. അബൂബക്കർ رضي الله عنه ന്റെ മാതൃകയെകുറിച്ചു ഹ: മസീഹ് മൗഊദ് عليه السلام പറഞ്ഞു. അദ്ദേഹത്തിന്റെ ജീവിതത്തിലുണ്ടായ സത്യവിശ്വാസങ്ങളുടെ മാതൃകകളിൽ ഒരു പ്രത്യേക പ്രൗഢി കാണുന്നു. ഹുസൂർ ﷺ പറഞ്ഞു, എനിക്ക് അല്ലാഹുവിന്റെ പക്കൽ നിന്നും ഇൽഹാമുണ്ടായി. ഞാൻ നബിയാണ്. അപ്പോൾ ഹ: അബൂബക്കർ സിദ്ധീഖ് رضي الله عنه മറ്റൊരു ചോദ്യവും കൂടാതെ പറഞ്ഞു. ഞാൻ താങ്കളെ അല്ലാഹുവിന്റെ നബിയാണെന്ന് വിശ്വസിക്കുന്നു. ഹുസൂർ ﷺ പറഞ്ഞു. എനിക്ക് ദീനി ആവശ്യത്തിന് ചന്ദയുടെ ആവശ്യമുണ്ട്. വിശ്വാസികൾ തങ്ങളുടെ സ്വത്തിൽ നിന്ന് ദീനി ആവശ്യത്തിന് പണം നൽകേണ്ടതാണ്. അപ്പോൾ ഹ: അബൂബക്കർ സിദ്ധീഖ് തന്റെ വീട്ടിലെ എല്ലാ സാധനങ്ങളും കൊണ്ടുവന്ന് ഹുസൂർന്റെ സമക്ഷം വെച്ചു. ഹുസൂർ ﷺ പറഞ്ഞു: ''കുഫ്ഫാറുകളുടെ അതിക്രമം കാരണം എനിക്ക് യുദ്ധത്തിനുള്ള കല്പനയുണ്ടായി അവർക്ക് ശക്തമായ മറുപടിക്കുള്ള കല്പനയുണ്ടായി. അവർക്കെതിരെ വാളെടുക്കാനുള്ള കല്പനയുണ്ടായി.'' അപ്പോൾ ഹദ്റത് അബൂബക്കർ സിദ്ധീഖ് رضي الله عنه വാളെടുത്തു വന്നു പറഞ്ഞു: ''ഞാൻ ഇതാ തയ്യാർ.'' ഹുസൂർ ﷺ ഹുദൈബിയ്യാ ഉടമ്പടിയിൽ പെട്ടെന്നു തന്നെ തീരുമാനം മാറ്റുകയും യുദ്ധം വേണ്ട മറിച്ച് ഉടമ്പടി. ചെയ്യാമെന്നു പറഞ്ഞപ്പോൾ എല്ലാവരും വെപ്രാളപ്പെട്ടു വലിയ വലിയ സഹാബാക്കളുടെ പോലും നെറ്റി ചുളിയാൻ തുടങ്ങി, ഇതെന്താണ് നടക്കുന്നത്. ഹ: അബൂബക്കർ പറഞ്ഞു: ''തികച്ചും ശരിയായ തീരുമാനമാണ്. ഉടമ്പടി തന്നെയാണ് വേണ്ടത്.''

ഈ മാതൃകയെ മുന്നിൽ വെക്കുമെന്നാണ്. ഹ: മസീഹ് മൗഊദ് عليه السلام തന്റെ ജമാഅത്തിൽ നിന്നും പ്രതീക്ഷിച്ചത്. ഈ നിലവാരം മുന്നിൽ ഉണ്ടായാൽ മസീഹ് മൗഊദ് عليه السلام ന്റെ പ്രതീക്ഷകൾ പൂർത്തിയാക്കാനുള്ള ആത്മാവ് നിലനിൽക്കും. ജൽസയിൽ ഹ: മസീഹ് മൗഊദ് عليه السلام പ്രതീക്ഷകളിലും ആശകളിലും ഇറങ്ങിചെല്ലാനാവാകതെ വന്നപ്പോൾ ഹുസൂർ ﷺ എത്ര വിഷമിക്കുകയും എത്രകണ്ട് നീരസം പ്രകടിപ്പിക്കുകയും ചെയ്തു എന്നു കാണുമ്പോൾ അസ്വസ്ഥതയുണ്ടാക്കുന്നു. നാം ഇക്കാലത്ത് ഹ: മസീഹ് മൗഊദ് عليه السلام ന്റെ നിയോഗത്തിന്റെ ലക്ഷ്യത്തിന്റെ ഭാഗമാകണമെങ്കിൽ നാം അദ്ദേഹത്തിന്റെ എല്ലാ വാക്കുകൾക്കും ലബ്ബൈക്ക് എന്നും പറഞ്ഞു കൊണ്ട് മുമ്പോട്ടു വരേണ്ടതാണ്.

തങ്ങളുടെ അന്തരംഗങ്ങളിൽ ആത്മീയ വിപ്ലവം സംജാതമാക്കാൻ ശ്രമിക്കേണ്ടതുണ്ട്. സഹാബാക്കൾ ഹുനൈൻ യുദ്ധത്തിൽ പ്രകടമാക്കിയ ആവേശത്തിന്റെയും ശാന്തിയുടെയും മാതൃക കാണിക്കേണ്ടതുണ്ട്. ഈ വികാരമില്ലാതെ നമുക്ക് അനാവശ്യകാര്യങ്ങളിൽ നിന്നും രക്ഷപ്പെടാനാവില്ല. നമുക്ക് ആത്മ സമുദ്ദാരണം നടത്താനാവില്ല. നമുക്ക് ജൽസയിൽ പങ്കെടുക്കുന്നതിന്റെ ആത്മാവിനെ മനസ്സിലാക്കാനാവില്ല. നമുക്ക് ഹ: മസീഹ് മൗഊദ് عليه السلام ന്റെ നിയോഗത്തിന്റെ ഉദ്ദേശ്യം മനസ്സിലാക്കാനാവില്ല. ഇസ്‌ലാമിക സേവന വികാരത്തിന്റെ യഥാർത്ഥ ആത്മാവ് മനസ്സിലാക്കാനാവില്ല. ഹുനൈൻ യുദ്ധത്തിലെന്താണ് നടന്നത്. ആ സമയം വരെയുള്ള ഇസ്‌ലാമിക ചരിത്രത്തിൽ ശത്രുക്കളുടെ സൈന്യത്തേക്കാൾ ആൾബലം കൂടിയ ആദ്യത്തെ മുസ്‌ലിം സൈന്യമായിരുന്നു. എന്നാൽ ആ സൈന്യത്തിൽ അണിചേർന്നവരിൽ അധികവും വിശ്വാസികളുടെ ത്യാഗത്തിന്റെ ആത്മാവിനെ മനസ്സിലാക്കാത്തവരായിരുന്നു. ആ ആത്മാവിൽ നിന്നും അജ്ഞരായിരുന്നു. ശത്രുസൈന്യത്തിലെ നാലായിരം

അമ്പെയ്ത്തുകാർ യുക്തിപൂർവ്വം പെട്ടെന്ന് അമ്പുകളുടെ പ്രവാഹം ഒഴുക്കിവിട്ടപ്പോൾ ചിലർ ഈമാനിക ബലഹീനത കാരണമായും ചിലർ സവാരി മൃഗങ്ങളുടെ വിഭ്രാന്തിയാലും അങ്ങുമിങ്ങും ചിതറിപ്പോയി. ഇസ്‌ലാമിക സൈന്യം ഛിന്നഭിന്നമായി.

റസൂൽ കരീം ﷺ വെറും പന്ത്രണ്ടു സഹാബികളുമൊത്ത് മൈതാനത്തിൽ അവശേഷിച്ചു. എന്നാൽ അദ്ദേഹം കാൽപാദം പിറകോട്ടുവെച്ചില്ല. തിരിച്ചു പോയി സൈന്യത്തെ ഒരുമിച്ചുകൂട്ടുന്നതാണ് യുക്തി എന്ന അഭിപ്രായമുണ്ടായിട്ടും ഹുസൂർ ﷺ പറഞ്ഞു: ''അല്ലാഹുവിന്റെ ഒരു പ്രവാചകൻ യുദ്ധരംഗത്തുനിന്നും പിറകോട്ടു പോകാറില്ല.'' ഹുസൂർ ﷺ തദവസരത്തിൽ ഉയർന്ന ശബ്ദമുള്ള ഹ: അബ്ബാസ് ؓ നോടു പറഞ്ഞു. ''അൻസാറുകളെ വിളിച്ചു പറയുക. അല്ലയോ അൻസാർ, ദൈവത്തിന്റെ റസൂൽ നിങ്ങളെ വിളിക്കുന്നു.''

ഹ: മസീഹ് മൗഊദ് ؑ ഒരിടത്ത് വളരെ മഹത്തായ നിലയിൽ അൻസാറിനെ മാത്രമെന്താണ് വിളിപ്പിച്ചതെന്ന് വ്യക്തമാക്കുകയുണ്ടായി. ഇതിന് ഒരുപാടു കാരണങ്ങളുണ്ട്. ഒരു കാരണമിതാണ്, തോൽവിക്കുത്തരവാദികൾ മക്കയിലെ ചിലരായിരുന്നു. അവർ മുഹാജിരീങ്ങളുടെ അടുത്ത വരായിരുന്നു. മുഹാജിരീങ്ങൾക്കു ഒരു ചെറിയ ശിക്ഷ ഇക്കാരണത്താൽ നൽകി. നിങ്ങൾ സുഹൃത്തുക്കളോടൊപ്പം കൂടിയിട്ടും ഞങ്ങളാണ് അംഗബലം കൂടിയവർ. ഇന്ന് ഞങ്ങളെ ആരും തോൽപ്പിക്കില്ല. നിങ്ങളുടെ ബന്ധുമിത്രാദികളും സമുദായക്കാരും നിങ്ങൾ ആശ്രയിച്ചവരെല്ലാവരും കാരണമാണ് ഇതൊക്കെ സംഭവിച്ചത് എന്നൊക്കെ വീമ്പുപറയുകയുണ്ടായി. എന്തായാലും അൻസാറുകളെ മാത്രമെ വിളിച്ചിരുന്നുള്ളു. അൻസാർ പറയുന്നു: ''ഹ: അബാസിന്റെ ശബ്ദം ഞങ്ങളുടെ ചെവിയിലെത്തി "അല്ലാഹുവിന്റെ റസൂൽ നിങ്ങളെ വിളിക്കുന്നു" എന്നാൽ അതിനു മുമ്പേ തന്നെ ഞങ്ങൾ സവാരികളെ മൈതാന ഭാഗത്തേക്ക് തിരിക്കാൻ ശ്രമിക്കുകയായിരുന്നു. എന്നാൽ ഈ ശബ്ദം ഞങ്ങളിൽ മാന്ത്രിക ശക്തി കാണിച്ചു. ഒരു പുത്തൻ വികാരവും ഇടിമിന്നലിന്റെ ശക്തിയും ഞങ്ങളിൽ ഉണ്ടാക്കി, മൈതാനത്തിലേക്കു തിരിക്കാൻ കഴിഞ്ഞ സവാരി മൃഗങ്ങളെ കൊണ്ട് അവർ വന്നു. തിരിക്കാൻ സാധിക്കാത്ത മൃഗങ്ങളുടെ കഴുത്ത് സ്വന്തം വാളാൽ ഛേദിച്ചുകൊണ്ട് മൈതാനത്തിലേക്ക് അവരോടി. "ലബ്ബൈക്ക് യാ റസൂലല്ലാഹ് ലബ്ബൈക്ക്" എന്നു വിളിച്ചുകൊണ്ടു ഹുസൂറിനു ചുറ്റും വന്നു.'' ഇതാണ് ഇന്ന് നമുക്കും പ്രയോഗത്തിൽ വരുത്തേണ്ട ലബൈക്കിന്റെ ആത്മാവ്. ഇതു മനസ്സിലാക്കേണ്ടതാണ്. ഇന്നും അല്ലാഹുവിന്റെ പ്രവാചകൻ ഹുസൂർ തിരുമേനി ﷺ യുടെ സത്യ പ്രേമി നമ്മെ വിളിക്കുകയാണ്. നിങ്ങളുടെ സമുദ്ദാരണത്തെകുറിച്ചു ശ്രദ്ധിക്കുക.

ജൽസയിൽ വന്നിട്ട് ജൽസയുടെ ലക്ഷ്യങ്ങളെ പൂർത്തിയാക്കാൻ ശ്രമിക്കുക. തങ്ങളുടെ പകലുകൾ തഖ്‌വയും ദൈവപ്രേമവും കൊണ്ടു ചെലവാക്കുക. ദൈവസ്മരണയിൽ ചെലവാക്കുക. മൂന്ന് ദിവസങ്ങളെ ദൈവസാമീപ്യം കരസ്ഥമാക്കാനുള്ള മാർഗമാക്കുക. തങ്ങളുടെ നഫ്സിന്റെ മദമിളകിയ കുതിരകളുടെ കഴുത്തുകൾ ഖണ്ഡിക്കുക. ഇന്ന് കാലത്തിന്റെ ഇമാമും പരിഷ്കർത്താവും റസൂൽ കരീം ﷺ ന്റെ പിന്തുടർച്ചയായി വന്ന നബി, നമ്മെ നമ്മളുടെ പ്രവർത്തനങ്ങളുടെ നേരായ വഴിലേക്കു വിളിക്കുകയാണ്. നമുക്കും ലബ്ബൈക്ക് പറഞ്ഞുകൊണ്ട് ഇദ്ദേഹത്തിന്റെ ചുറ്റും ഒത്തു ചേരേണ്ടതുണ്ട്. ഇന്ന് വാളിന്റെ ജിഹാദിനല്ലാ വിളിക്കുന്നത്. മറിച്ച് ആത്മാവിന്റെ ജിഹാദിനായാണ് വിളിക്കുന്നതും ഇതിൽ വിജയം കിട്ടിയാൽ മുഴുലോകത്തും ഇസ്‌ലാമിക പതാക പറത്തുവാൻ അത് കാരണമാകും ഞാൻ ആദ്യം പറഞ്ഞതു പോലെ സ്നേഹസാഹോദര്യങ്ങളുടെ പുതിയ നിലവാരം സൃഷ്ടിക്കേണ്ടതുണ്ട്. തഖ്‌വയുടെ ഏണി കയറേണ്ട തായുണ്ട്.

വിനയത്തിന്റെ പുതിയ മാർഗ്ഗങ്ങൾ അന്വേഷിക്കേണ്ടതാണ്. തങ്ങളുടെ എല്ലാ പ്രവർത്തനവും വഴി സത്യത്തിനെ വിജയിപ്പിക്കേണ്ടതാണ്. ഇസ്‌ലാമിന്റെ പ്രചരണത്തിനായി ജീവിതവും ധനവും ബഹുമാനവും സമയവും ത്യാഗം ചെയ്യാൻ പ്രാവർത്തികമായ പ്രകടനത്തിന്റെ ആവശ്യമുണ്ട്. ദൈവ സ്മരണകളാൽ തങ്ങളുടെ നാവിന് കുളിർമ നൽകുക. ആരാധനകളുടെ ഉന്നത നിലവാരം വഴി ദൈവസാമീപ്യം കരഗതമാക്കാൻ ശ്രമിക്കേണ്ടതാണ്. ഈ മൂന്ന് ദിവസങ്ങളിൽ ഖാദിയാൻ ജൽസയിൽ പങ്കെടുക്കുന്നവർ നല്ലവണ്ണം പ്രയോജനമെടുക്കണം. ഈ ദിവസങ്ങളിൽ മറ്റു ചിലയിടങ്ങളിലും ജൽസ നടക്കുന്നുണ്ട്. അമേരിക്കയിലെ വെസ്റ്റ് കോസ്റ്റിൽ ജൽസ നടക്കുന്നുണ്ട്. മാലിയിൽ ജൽസയുണ്ട്, നൈജീറിൽ ജൽസ നടക്കുന്നു, നൈജീരിയയിൽ ജൽസ നടക്കുന്നു, സെനിഗാളിൽ ജൽസ നടക്കുന്നു, ഐവറി കോസ്റ്റിൽ ജൽസ നടക്കുന്നു, എല്ലായിടത്തെയും ജൽസയിൽ സംബന്ധിച്ചവർ ഈ ദിവസങ്ങളുടെ അനുഗ്രഹം തേടാൻ ശ്രമിക്കുക. ഈ സമയത്ത് ഹ: മസീഹ് മൗഊദ് ؑ ന്റെ ചില ഉദ്ധരണികൾ നിങ്ങൾക്കു മുമ്പാകെ വെക്കാം ചില കാര്യങ്ങളെ കുറിച്ച് നമ്മെ ഉണർത്തിക്കുകയാണ് ദൈവത്തിന്റെ റസൂൽ നമ്മിൽ നിന്നും ആഗ്രഹിച്ച കാര്യങ്ങളാണ്.

പറയുന്നു: ''ജമാഅത്തിന്റെ പരസ്പരമുള്ള സ്നേഹവും യോജിപ്പും സംബന്ധിച്ചു ഞാൻ പല തവണ പറഞ്ഞിട്ടുണ്ട്. നിങ്ങൾ പരസ്പരം യോജിപ്പുണ്ടാക്കുക. ഇജ്തിമ നടത്തുക. അല്ലാഹുതആല മുസ്‌ലീംകൾക്കു നൽകിയ പാഠം, നിങ്ങൾ ഏക ദൈവത്തെ സ്വീകരിക്കുക അല്ലെങ്കിൽ നാശം സംഭവിക്കും. നമസ്കാരത്തിൽ ഒരാൾ മറ്റാളെ ചേർന്നു നിൽക്കാനുള്ള അനുവാദം നൽകിയത് പരസ്പരം ഐക്യമുണ്ടാക്കാനാണ്. ഒരാളിൽ നിന്നും മറ്റാളിലേക്ക് മിന്നൽ ശക്തി പോലെ ഐക്യം പടരുന്നതാണ്. എന്നാൽ ഐക്യമില്ലെങ്കിൽ ദൗർഭാഗ്യകരം തന്നെ. റസൂലുല്ലാഹ് പറഞ്ഞു: ''പരസ്പരം സ്നേഹിക്കുക, ഒരാൾ മറ്റൊരാൾക്കായി ഗോപ്യമായി ദുആ ചെയ്യുക. ഒരു വ്യക്തി രഹസ്യമായി ദുആ ചെയ്താൽ മലക്ക് പറയും നിനക്കും അങ്ങനെ ത്തന്നെയാവട്ടെ.'' ഇത് എത്ര മഹത്തായ കാര്യമാണ്. മനുഷ്യന്റെ ദുആ സ്വീകരിക്കപ്പെട്ടിട്ടില്ലെങ്കിലും മലക്കിന്റെതു സ്വീകരിക്കുമല്ലോ. ഞാൻ ഉപദേശിക്കുന്നതും പറയാൻ ആഗ്രഹിക്കുന്നതും ഇതാണ്, പരസ്പരം ഭിന്നിക്കരുത്, ഞാൻ രണ്ടു കാര്യങ്ങളുമായാണ് വന്നത്. ഒന്നാമതായി

അല്ലാഹുവിന്റെ തൗഹീദ് സ്വീകരിക്കുക, രണ്ടാമതായി പരസ്പരം, സ്നേഹവും സഹാനുഭൂതിയും പ്രകടമാക്കുക. അത് മറ്റുള്ളവർക്ക് അദ്ഭുത ദൃഷ്ടാന്തമായിരിക്കും. ഈ തെളിവു തന്നെയാണ് സഹാബാ (റിള്‌വാനുല്ലാഹ്)യിൽ ഉണ്ടായിരുന്നത്. كُنْتُمْ اَعْدَآءً فَاَلَّفَ بَيْنَ قُلُوْبِكُمْ

ഓർത്തുകൊള്ളുക, താലിഫ് എന്നത് ഒരു ദൃഷ്ടാന്തമാണ്. ഏതൊരുവൻ തനിക്കുവേണ്ടി ഇഷ്ടപ്പെടുന്നത് തന്റെ സഹോദരനു വേണ്ടി ഇഷ്ടപ്പെടാത്ത കാലം വരെ എന്റെ ജമാഅത്തിൽ ഉൾപ്പെടുന്നതല്ല എന്ന് മനസ്സിലാക്കുക. അവൻ പ്രയാസത്തിലാണ് അവന്റെ അന്ത്യം നല്ലതാകില്ല, ഓർത്തുകൊള്ളുക. ശത്രുത ഇല്ലാതാക്കുക മഹ്ദിയുടെ അടയാളമാണ്. അതു പൂർത്തിയാകാതെ വരുമോ.? തീർച്ചയായും നിങ്ങൾ ക്ഷമ കൈകൊള്ളാത്തതെന്താണ്. ഏതു പോലെയെന്നാൽ വൈദ്യശാസ്ത്രത്തിൽ ചില രോഗങ്ങളിൽ പൂർണ്ണമായി മാറ്റം കിട്ടാതെ ആശ്വാസ മുണ്ടാകുന്നതല്ല. എന്നിൽ നിന്നും اِنْ شَآءَ اللّٰهُ ഒരു സുകൃതവാന്മാരുടെ ജമാഅത്തുണ്ടാകും. പരസ്പരം ശത്രുതയുടെ കാരണമെന്താണ്. പിശുക്ക്, അസൂയ, സ്വാർത്ഥതാ വികാരങ്ങൾ എന്നിവയാണ്. തങ്ങളുടെ വികാരങ്ങളിൽ നിയന്ത്രണം കിട്ടാത്തത് വരെ പരസ്പര സ്നേഹസാഹോദര്യങ്ങളോടെ ജീവിക്കാനറിയാത്തവരെ നിങ്ങൾ ജമാഅത്തിൽ നിന്നും അകന്നു നിൽക്കുന്നതാണ്. അത്തരക്കാർ ഓർക്കുക. നല്ലമാതൃക കാണിക്കുന്നില്ലെങ്കിൽ അവർ അൽപം ദിവസത്തേക്കുള്ള അതിഥികൾ മാത്രമാണ്. ഞാൻ ആരു കാരണത്താലും ആരോപണ വിധേയനാകാൻ ആഗ്രഹിക്കുന്നില്ല. ആരെങ്കിലും എന്റെ ജമാഅത്തിലിരിക്കെ എന്റെ ആഗ്രഹങ്ങൾക്കെതിരെയാണെങ്കിൽ അയാൾ ഉണങ്ങിയ കൊമ്പാണ്. തോട്ടക്കാരൻ അതിനെ മുറിക്കാതെ പിന്നെ എന്തുചെയ്യാൻ. ഉണക്കക്കൊമ്പ് മറ്റു പച്ചകൊമ്പു കളുമായി ചേർന്ന് വെള്ളം വലിച്ചെടുക്കുന്നു അതിൽ പച്ചപ്പുണ്ടാ കുകയില്ല. മറിച്ച് ആ കൊമ്പ് മറ്റതിനെയും നശിപ്പിക്കും. അപ്പോൾ ഭയപ്പെട്ടു കൊള്ളുക ആരാണോ ചികിസ ചെയ്യാത്തത് എന്റെ കൂടെ അയാൾ നിൽക്കില്ല.

അല്ലാഹു തഅല ഖുർആനിൽ പറയുന്നു,

وَجَاعِلُ الَّذِيْنَ اتَّبَعُوْكَ فَوْقَ الَّذِيْنَ كَفَرُوْٓا اِلٰى يَوْمِ الْقِيٰمَةِ

ഈ സമാശ്വാസപരമായ വാഗ്ദാനം നാസിറത്തിൽ ജനിച്ച ഈസബ്നു മറിയമിനോടാണുണ്ടായത്. എന്നാൽ ഞാൻ നിങ്ങൾക്കു സുവാർത്ത നൽകുകയാണ്. യസൂഹ് മസീഹിന്റെ പേരിൽ ഇബ്നു മറിയത്തിനും അല്ലാഹു ഇതേ വാക്കിലാണ് സുവിശേഷ മറിയിച്ചത്. ഇനി നിങ്ങൾ തന്നെ ചിന്തിക്കുക. ഞാനുമായി ബന്ധപ്പെട്ടിരിക്കെ ഈ മഹത്തായ വാഗ്ദാനത്തിലും മഹനീയ സുവാർത്തയിലും പങ്കുചേരാൻ ആഗ്രഹിക്കുന്നവർ **അമ്മാറ**യുടെ പദവിയിൽ ഇരുന്നു കൊണ്ട് അധർമ്മത്തിന്റെയും വഞ്ചനയുടെയും മാർഗത്തിൽ സഞ്ചരിക്കുന്ന ആളുകളുമാകുമോ.? ഇല്ല ഒരിക്കലുമില്ല. അല്ലാഹുവിന്റെ ഈ വാഗ്ദാനത്തെ യഥാർത്ഥ നിലയിൽ ബഹുമാനിക്കുന്ന എന്റെ വാക്കുകളെ കഥകളായി കരുതാത്തവർ ഓർക്കുക. മനസ്സുകൊണ്ടു ശ്രവിക്കുക. ഞാൻ ഇനിയും അവരെ അഭിസംബോധനം ചെയ്തുകൊണ്ട് ഒരു കാര്യം പറയുകയാണ്. ഞാനുമായി ബന്ധം വെക്കുന്നവർ, ആ ബന്ധം ഒരു സാധാരണ ബന്ധമല്ല, മറിച്ച് ഒരു ഗംഭീര ബന്ധമാണ് ആ ബന്ധത്തിന്റെ പ്രഭാവം എന്റെ അസ്തിത്വ ത്തിൽ മാത്രമല്ല മറിച്ച് അത് ബഹുമാന്യനായ സമ്പൂർണ്ണ മനുഷ്യന്റെ അസ്തിത്വത്തിലേക്കെത്തുന്നു. ലോകത്ത് സത്യസന്ധതയുടെ ആത്മാവു കൊണ്ടുവന്നയാളാണദ്ദേഹം ഞാൻ പറയുന്നത് ഈ കാര്യങ്ങൾ എന്നിലേക്കു വരുകയാ ണെങ്കിൽ എനിക്കൊരു ഭയവും ചിന്തയുമില്ലായിരുന്നു. ഇവരെ വിലവെക്കുന്നതുമല്ല. എന്നാൽ അത് അവിടെ തീരുന്നില്ല. അതിന്റെ പ്രഭാവം നമ്മുടെ നബി കരീം ﷺ യിലും അല്ലാഹുവിന്റെ അസ്തിത്വത്തിലും എത്തുന്നു. ഈ അവസ്ഥയിൽ നിങ്ങൾ നല്ലവണ്ണം ശ്രദ്ധിച്ചു കേട്ടുകൊള്ളുക. ഈ സുവാർത്തയിൽ നിന്നും പങ്കുചേരാൻ ആഗ്രഹിക്കു ന്നുവെങ്കിൽ, ഖിയാമത്തു നാളുവരെ കുഫ്ഫാറുകളുടെ മേൽ വിജയം കൈവരിക്കണമെന്നുണ്ടെങ്കിൽ അതിനുള്ള യഥാർത്ഥ ദാഹം നിങ്ങളിലുണ്ടെങ്കിൽ പിന്നെ ഞാൻ ഇത്രമാത്രമേ പറയുന്നുള്ളു. ഈ വിജയം **ലവ്വാമ**യുടെ പദവിയിൽ നിന്നും കടന്ന് **മുത്ത്മഇന്ന**യുടെ ഗോപുരത്തിലെത്തുന്നവരെ ലഭിക്കുന്നതല്ല. നിങ്ങളുമായി ബന്ധം ഉള്ള വ്യക്തി ദൈവനിയുക്തനാണ് എന്നതിൽ കവിഞ്ഞ് ഞാനൊന്നും പറയുന്നില്ല. അവന്റെ വാക്കുകളെ ഹൃദയത്തിന്റെ ചെവികൊണ്ടു കേൾക്കുക. അതനുസരിച്ചു പ്രവർത്തിക്കാൻ സദാ തയ്യാറാവുക. സമ്മതത്തിനു ശേഷം നിരാകാരത്തിന്റെ മാലിന്യത്തിൽ വീണ് ചിരകാല ശിക്ഷ വാങ്ങിക്കുന്നവരെപ്പോലെ ആകാതിരിക്കുവാൻ വേണ്ടിയാണിത്.''

പിന്നീട് അദ്ദേഹം പറയുന്നു: ''നമ്മുടെ ജമാഅത്തിന് ഈ ഉപദേശം എപ്പോഴും ഓർക്കേണ്ടതുണ്ട്. ഞാൻ പറയാൻ പോകുന്ന കാര്യത്തെ അവരെപ്പോഴും ഗൗനിക്കേണ്ടതാണ്. എനിക്ക് എപ്പോഴുമുള്ള ചിന്ത ഇതാണ്, ലോകത്ത് പല വിധ ബന്ധങ്ങളാണ് ഉള്ളത്. ചിലത് സൗന്ദര്യത്തിന്റെ അടിസ്ഥാനത്തിലാണ്. ചിലത് തറവാട്, അല്ലെങ്കിൽ സ്വത്തിന്റെ അടിസ്ഥാനത്തിൽ ചിലത് ശക്തിയുടെ അടിസ്ഥാനത്തിൽ എന്നാൽ അല്ലാഹു ഇക്കാര്യങ്ങളെ ഗൗനിക്കാറില്ല. അവൻ വ്യക്തമായി പറഞ്ഞിട്ടുള്ളത്, اِنَّ اَكْرَمَكُمْ عِنْدَ اللّٰهِ اَتْقٰكُمْ അല്ലാഹുവിന്റെ സമക്ഷം തഖ്‌വയുള്ളയാളാണ് പ്രിയപ്പെട്ടവനും ബഹുമാനിതനും. **അത്ഖിയാ** ജമാഅത്ത് അഥവാ മുത്തഖികളുടെ ജമാഅത്തിനേയാണ് അല്ലാഹു കൂടെ വെക്കുക. മറ്റുള്ളതിനെ നശിപ്പിക്കുന്നതാണ്. ഇത് വളരെ സൂക്ഷിക്കേണ്ട സംഗതി യാണ്. ഇവിടെ രണ്ടു പേർക്കും ഒരുമിച്ച് നിൽക്കാനാവില്ല. മുത്തഖിയും അവിടെത്തന്നെ നീചനും ഉപദ്രവകാരിയും അവിടെത്തന്നെ എന്നുവരില്ല. തീർച്ചയായും മുത്തഖി നിൽക്കുകയും നീചൻ നശിക്കപ്പെടുകയും ചെയ്യും. ആരാണ് അവന്റെ പക്കൽ മുത്തഖിയെന്ന് അവന് അറിയാം. ഇതു വളരെ ഭയക്കേണ്ട സന്ദർഭമാണ്. മുത്തഖിയായ വ്യക്തി സൗഭാഗ്യവാനാണ്. ദൗർഭാഗ്യവാനാണ് ശപിക്കപ്പെട്ടവൻ.

*അല്ലാഹു തആല നമ്മളിൽ ഏവർക്കും ഹ: മസീഹ് മൗഊദ് ന്റെ ഈ വേദനയെ മനസ്സിലാക്കാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. സമുദ്ധാരണത്തിനായി ശ്രദ്ധ ചെലുത്താൻ തൗഫീഖ് നൽകുമാറാകട്ടെ.*

ഒരു കാര്യം മനസ്സിലാക്കേണ്ടതുണ്ട്. ജൽസയിൽ പങ്കെടുത്തവർക്കും മാത്രമായുള്ള കാര്യങ്ങളല്ല ഇത്. അവർ മാത്രമല്ല ഇതിൽ അഭിസംബോധകർ. മറിച്ച് ലോകത്ത് താമസിക്കുന്ന എല്ലാ അഹ്മദികളും ഇവിടെ സംബോധിതരാണ്.

ഞാൻ ഒരു കാര്യം കൂടി പറയാനുദ്ദേശിക്കുന്നത്, മുഹമ്മദീ മസീഹിന്റെ ദേശത്ത് ജൽസ നടക്കുന്ന ഈ ദിവസങ്ങളിൽ ലോകത്തുള്ള എല്ലാ അഹ്മദികളും പ്രത്യേക നിലയിൽ ദൈവസ്മരണയിലേക്കു ശ്രദ്ധ ചെലുത്തുക. പ്രത്യേകിച്ച് ഖാദിയാനിൽ ജൽസ പങ്കെടുക്കുന്നവരും മറ്റു രാജ്യങ്ങളിൽ ജൽസ പങ്കെടുക്കുന്നവരും ലോകത്തിലുള്ള എല്ലാ അഹ്മദികളും ഈ ദുആ ചെയ്യുക. ചില അഹ്മദികൾ പ്രയാസങ്ങളിൽ അകപ്പെട്ടതായുണ്ട്. മുഹമ്മദീ മസീഹിനു ബൈഅത്ത് ചെയ്തതുകൊണ്ടാണ്. ഈ കാലഘട്ടത്തിലെ ഇമാമിനെ അവർ സ്വീകരിച്ചു. *അവർക്ക് അല്ലാഹുതആല പ്രയാസങ്ങൾ അകറ്റിക്കൊടുക്കട്ടെ.*

പ്രത്യേകിച്ച് പാക്കിസ്ഥാൻ ഇന്തോനേഷ്യ, സിറിയ, മറ്റുചില രാജ്യങ്ങളുമുണ്ട്. *ഈ സ്ഥലങ്ങളിൽ അല്ലാഹു തആല അഹ്മദികൾക്ക് എളുപ്പമുണ്ടാക്കി കൊടുക്കട്ടെ. അവർ സ്വാതന്ത്രരാകാനുള്ള വഴികൾ തുറക്കുമാറാകട്ടെ.* ഇത് വളരെ പ്രധാനപ്പെട്ട ദുആയാണ്. സാഹോദര്യത്തിനുവേണ്ടി നാം ഈ ദുആ ചെയ്യേണ്ടതായുണ്ട്. *അല്ലാഹു തആല നമുക്ക് അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.*

**PRINTED BOOKS**

**To**

From,
**AHMADIYYA JAMA-AT**
**" Baitul Quddoos "**
**G.H.Road, Calicut -1**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2013 December 27 at : Baitul Futuh Mosque, London.
Translation: P.K. AMNAS KADALAYI 8281593429

Typing: A.T. Nasarudheen
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, Calicut Zilla.**